# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജൂൺ 5 | ദീപം 58 | നാളം 13 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# എൻഎച്ച് 66 ദുരന്തം ഒരു ചൂണ്ടുപലക




ഡിജോ കാപ്പൻ


എട്ടുകാലിമമ്മൂഞ്ഞിന്റെ കഥ രാഷ്ട്രീയകക്ഷികൾ മലയാളികളെ മത്സരിച്ചോർമിപ്പിക്കുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്.

മറുപക്ഷം അധികാരത്തിലിരിക്കുമ്പോൾ എത്ര മികച്ച പദ്ധതി കൊണ്ടുവന്നാലും എതിർക്കുകയും പിന്നീട് തങ്ങൾ അധികാരത്തിലെത്തുമ്പോൾ അതേ പദ്ധതിയുടെ പിതൃത്വം തങ്ങൾക്കെന്ന് അവകാശപ്പെടുകയും ചെയ്യുന്നതു ചിലരുടെ പതിവാണ്. വേണമെങ്കിൽ പദ്ധതിയുടെ പേരിൽ ചടങ്ങുകൾ സംഘടിപ്പിച്ചു നാട്ടുകാരുടെ മുമ്പിൽ പിതൃത്വം സ്ഥാപിക്കും. ഇതിനൊന്നും ഇക്കൂട്ടർക്കു യാതൊരു സങ്കോചവും മടിയും ഇല്ലെന്നതിന് ഇക്കഴിഞ്ഞ ദിവസങ്ങളിൽ കേരളം സാക്ഷ്യം വഹിച്ചു.

വിഴിഞ്ഞം തുറമുഖപദ്ധതി യാഥാർഥ്യമാക്കിയതു തങ്ങളാണെന്നാണ് ഇപ്പോഴത്തെ ഭരണകക്ഷിക്കാർ അവകാശപ്പെട്ടത്. എന്നാൽ, പദ്ധതിക്കു തുടക്കമിട്ട ഉമ്മൻചാണ്ടിക്ക് അതിന്റെ ഒരുവിധ നേട്ടവും ഉണ്ടാകരുതെന്ന ലക്ഷ്യത്തോടെ അടിമുടി എതിർത്തു തടസ്സപ്പെടുത്താൻ ശ്രമിച്ചവരാണ് എതിരാളികൾ. അതിനവർ ഉമ്മൻചാണ്ടിക്കെതിരേ ആരോപിച്ചത് പദ്ധതിയുടെ മുതൽമുടക്കിനെക്കാൾ വലിയ തുകയുടെ അഴിമതിയാണ്.

അതുപോലെ എ.കെ. ആന്റണിയുടെ കാലത്തു നിർദേശിക്കപ്പെട്ട 100 മീറ്റർ വീതിയുള്ള എക്സ്പ്രസ് ഹൈവേയെ ഇടതുപക്ഷം എതിർത്തത് എന്തിനാണെന്ന ചോദ്യത്തിന് ഇപ്പോഴെങ്കിലും മറുപടി പറയേണ്ടേ?

45 മീറ്റർ വീതിയുള്ള ദേശീയപാതയുടെ നിർമാണം ഏതാണ്ടു പൂർത്തിയാക്കാൻ കഴിഞ്ഞത് തങ്ങളുടെ കഴിവുകൊണ്ടെന്ന് ഇപ്പോൾ ഇടതുപക്ഷം അവകാശപ്പെടുന്നു. ഭരണത്തിന്റെ ഒമ്പതാം വാർഷികാഘോഷത്തിൽ ഭരണനേട്ടമായി അവരതു പറയുകയും ചെയ്തു.

ഈ ദേശീയപാതയിൽ ഇനിയും നിർമാണം തീരാത്ത കരിയാട് ഭാഗത്തെ ഭിത്തി തകർന്നുവീണതോടെ അവകാശവാദക്കാരെ കാണാതായി. അതുവരെ അവകാശം പറഞ്ഞു രംഗത്തുണ്ടായിരുന്നവർ പിൻവലിഞ്ഞു.

പദ്ധതിയുടെ ഡിസൈനിങ്ങിലും നിർമാണത്തിലും മേൽനോട്ടത്തിലും ഗുരുതരമായ വീഴ്ചയുണ്ടായി എന്നാണ് പ്രാഥമികവിലയിരുത്തൽ. ദേശീയപാത ആയതുകൊണ്ട് ഇതിലൊക്കെ ഇടപെടാൻ തങ്ങൾക്കു പരിമിതികൾ ഉണ്ടെന്നാണ് സംസ്ഥാനസർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്.

ഇടതുസർക്കാർ ഇങ്ങനെ സ്വയം ന്യായീകരിക്കുമ്പോഴുള്ള ചോദ്യം വേറൊന്നാണ്. നമുക്കതിനെ ഡിസൈനിങ്, നിർമാണം, മേൽനോട്ടം എന്നിവ നിർവഹിക്കാൻ കഴിയുന്നതും ഇപ്പോഴത്തേതിന്റെ പത്തിലൊന്നുപോലും ചെലവു വരാത്തതുമായ എക്സ്പ്രസ് ഹൈവേ പദ്ധതി എന്തുകൊണ്ടാണ് കേരളം വേണ്ടെന്നു വച്ചത്?

2003 ൽ പൊതുമരാമത്തുമന്ത്രി ഡോ. എം.കെ. മുനീർ കൊണ്ടുവന്ന, നൂറുമീറ്റർ വീതിയിൽ 509 കിലോമീറ്റർ ദൈർഘ്യമുള്ള കാസർഗോഡ് – തിരുവനന്തപുരം എക്സ്പ്രസ് ഹൈവേ പദ്ധതിക്ക് 6400 കോടി രൂപമാത്രമാണു ചെലവു പ്രതീക്ഷിച്ചത്. ആ പാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുമായിരുന്നത് 1758 കോടി രൂപ.

ആ സ്ഥാനത്ത് ഇപ്പോഴത്തെ 45 മീറ്റർ വീതിയുള്ള ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ചെലവിന്റെ നാലിലൊന്നായി 2024 വരെ കേരളം മുടക്കിയത് 5580 കോടി രൂപയാണ്.

കാസർഗോട്ടുനിന്ന് റോഡുമാർഗം തിരുവനന്തപുരത്ത് എത്തിച്ചേരാൻ ഇപ്പോൾ 12 മുതൽ 14 വരെ മണിക്കൂർ സമയം വേണം. എന്നാൽ, 2003 ൽ പണി ആരംഭിക്കാൻ പദ്ധതിയിട്ട ഹൈവേ 2012 ൽ പൂർത്തിയായിരുന്നെങ്കിൽ കാസർഗോട്ടുനിന്ന് അഞ്ചോ ആറോ മണിക്കൂർകൊണ്ട്, കുറഞ്ഞ ടോൾനിരക്കിൽ, തലസ്ഥാനത്ത് എത്തിച്ചേരാമായിരുന്നു.

അന്നു പദ്ധതിയെ എതിർക്കാൻ മുന്നിട്ടിറങ്ങിയവർ തെറ്റായി പ്രചരിപ്പിച്ചത് ഈ ഹൈവേ വന്നാൽ, കേരളം രണ്ടായി മുറിഞ്ഞുപോകും എന്നാണ്. നാടിനെ മുറിക്കാത്തവിധം, എക്സ്പ്രസ് ഹൈവേ കടന്നുപോകുന്ന വയൽപ്രദേശങ്ങളിൽ മുഴുവൻ വയഡക്ട് രീതിയിൽ ഉയരപ്പാത (എലിവേറ്റഡ് ഹൈവേ) ആയി നിർമിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

ഇപ്പോൾ കേരളം രണ്ടായി മുറിഞ്ഞു എന്ന പരാതിയില്ലെങ്കിലും 2025 ഡിസംബറിൽ പൂർത്തിയാകേണ്ടിയിരുന്ന ദേശീയപാത പൂർണസജ്ജമാക്കാൻ ഒന്നൊന്നരവർഷംകൂടി കാത്തിരിക്കേണ്ടിവരും.

ദേശീയപാതയ്ക്കു വേണ്ട ഭൂമി ഏറ്റെടുത്തുകൊടുക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുണ്ടായ പരിശ്രമം അഭിനന്ദനാർഹമായിരുന്നു. എങ്കിലും, ദേശീയപാത നിർമാണസമയത്ത് കർണാടകയിലെയും തമിഴ്നാട്ടിലെയും സർക്കാരുകൾ നടത്തുന്നതുപോലുള്ള മേൽനോട്ടപരിശോധനകൾ കേരളത്തിൽ ഉണ്ടായിട്ടില്ല എന്നാണറിവ്.

ദേശീയപാത 66 ന്റെ പണി ഏറ്റെടുത്ത കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിതന്നെയാണ് ഇതിന്റെ ഡിസൈനിങ് ഹൈദരാബാദിലെ എച്ച്.ബി.എസ്. ഏജൻസിയെക്കൊണ്ടു ചെയ്യിച്ചത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയത് ബംഗളൂരു ആസ്ഥാനമായ ഫീഡ്ബാക്ക് ഇൻഫ്ര എന്ന കമ്പനിയാണ്. ഇ.പി.സി. മാതൃകയിൽ ടെൻഡർ ക്ഷണിച്ച പദ്ധതിക്കു ഭൂമി ഏറ്റെടുക്കാൻ പണം മുടക്കിയ കേരളം മതിയായ സൂപ്പർവിഷൻ നടത്തിയില്ല.

മണ്ണിന്റെ പ്രത്യേകതയും ഘടനയും പരിശോധിക്കാതെ നടത്തിയ ഡിസൈനിങ് ആണ് പിഴവിന്റെ തുടക്കം. കരഭൂമിയിലെ മണ്ണിന്റെ നാലിലൊന്ന് ഉറപ്പുപോലുമില്ലാത്ത വയൽമണ്ണിലേക്ക് മല ഇടിച്ചു കൊണ്ടുവന്നിട്ടപ്പോൾ, ഈ ഭൂമിക്കു താങ്ങാവുന്നതിന്റെ നാലിരട്ടി ഭാരമാണു റോഡിനുണ്ടായത്. മഴയിൽ മണ്ണുകുതിർന്നു വീർത്തു മേൽഭാരം കൂടിയപ്പോൾ അടിയിലെ ചെളി ഇരുവശത്തേക്കും തള്ളിമാറുകയാണുണ്ടായത്.

▶15

4

**ഫ്രഞ്ചുവിപ്ലവകാലത്തു രക്തസാക്ഷിത്വം വരിച്ച പതിനാറു കന്യാസ്ത്രീകളെ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024 ഡിസംബർ 18–ാം തീയതി വിശുദ്ധരായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ലേഖനം**

# വിപ്ലവഭീകരതയെ ശമിപ്പിച്ചവർ




**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

**പു**തിയ മദർ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ആഗസ്തീനോസിന്റെ സിസ്റ്റർ മേരി തന്റെ വാക്കുകൾ പൂർത്തിയാക്കിയശേഷം അസിസ്റ്റന്റ് മദറിനോട് തന്റെ ആമുഖവചസ്സുകൾക്ക് ഉപസംഹാരമായി സംസാരിക്കുവാൻ ആവശ്യപ്പെട്ടു.

"പ്രിയ സഹോദരിമാരേ,

ബഹുമാനപ്പെട്ട മദർ പ്രാർഥനയുടെ പ്രാധാന്യത്തെപ്പറ്റിപ്പറഞ്ഞു. അനുസരണവും അതുപോലെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് നമുക്ക് പുതിയ മദറിനെ പൂർണമായും അനുസരിക്കാം." ഇപ്രകാരമാണ് അസിസ്റ്റന്റ് മദർ കൂട്ടിച്ചേർത്തു പറഞ്ഞത്.




ഈ കഥയിലെ പ്രധാനകഥാപാത്രമായ ബ്ലാൻഷിന് തലമുണ്ട് കൊടുക്കുന്ന കാര്യത്തിൽ അസിസ്റ്റന്റ് മദർ എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും മരണമടഞ്ഞ മദറിന്റെ ഇംഗിതമായിരുന്നതുകൊണ്ട് ബ്ലാൻഷിന് തലമുണ്ട് നല്കാനും മരണവേദന അനുഭവിച്ച കർത്താവിന്റെ സിസ്റ്റർ ബ്ലാൻഷ് എന്ന പേരു സ്വീകരിക്കാനും പുതിയ മദർ അനുവദിച്ചു.

1784 ജൂലൈ 14–ാം തീയതി ആരംഭം കുറിച്ച ഫ്രഞ്ചുവിപ്ലവത്തിന്റെ അലയടികൾ കംപിയേഞ്ഞ് എന്ന പട്ടണത്തിലുമെത്തി. മുനിസിപ്പൽ അധികാരികൾ കാർമൽമഠത്തിന്റെ വസ്തുവകകൾ കണ്ടുകെട്ടുകയും സന്ന്യാസവ്രതങ്ങൾ എടുക്കുന്നതിനു വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു.

ബ്ലാൻഷിന്റെ സഹോദരൻ മഠത്തിൽവന്ന് തന്റെ സഹോദരിയെ കൂട്ടിക്കൊണ്ടുപോകുവാൻ ശ്രമിക്കുന്നുണ്ട്. മഠംവിട്ടുപോകുവാൻ ഒരുക്കമല്ലെന്ന് അവൾ തീർത്തുപറഞ്ഞു.

വിപ്ലവം പുരോഗമിക്കുന്നതനുസരിച്ച് സഭയ്ക്കെതിരേയുള്ള നടപടികൾ വർധിച്ചുവന്നു. ബ്ലാൻഷിനെപ്പോലുള്ളവരെ സ്വതന്ത്രരാക്കുവാനായി എന്നു പറഞ്ഞുകൊണ്ട് മഠങ്ങളെല്ലാം നിർത്തലാക്കുകയും അംഗങ്ങൾ സന്ന്യസ്തവസ്ത്രങ്ങൾ ധരിക്കുന്നതും ഒന്നിച്ചുതാമസ്സിക്കുന്നതും കർശനമായി നിരോധിക്കുകയു ചെയ്തു. നല്ലവരായ ചില നാട്ടുകാർ അവർക്കു പഴയ വസ്ത്രങ്ങൾ നല്കുകയും പല വീടുകളിലായി അവരെ പാർപ്പിക്കുകയും ചെയ്തു.


മഠത്തിൽനിന്നു പുറത്താക്കപ്പെടുന്നതിനുമുമ്പ് അസിസ്റ്റന്റ് മദറിന്റെ നിർദേശപ്രകാരം ഓരോരുത്തരും ഫ്രാൻസിൽ സമാധാനമുണ്ടാകുവാനും കത്തോലിക്കാസഭയ്ക്കതിരേയുള്ള അതിക്രമങ്ങൾ അവസാനിക്കുവാനുമായി തന്റെ ജീവിതം ഹോമബലിയായി അർപ്പിക്കുന്നു എന്ന് പ്രതിജ്ഞയെടുക്കുകയും തുടർന്ന് ഓരോ ദിവസവും അത് ആവർത്തിച്ചു ചൊല്ലുകയും ചെയ്തുപോന്നു.

**ഫ്രഞ്ചുവിപ്ലവം**

മനുഷ്യാവകാശപ്രഖ്യാപനത്തോടുകൂടിയാണ് ആരംഭിച്ചതെങ്കിലും ഫ്രഞ്ചുവിപ്ലവവും മനുഷ്യാവകാശലംഘനങ്ങളുടെയും കൂട്ടക്കൊലയുടെയും കേളീരംഗമായി മാറി. ദിവസംപ്രതി വിപ്ലവത്തിനു വിരോധികൾ എന്ന് കുറ്റംവിധിച്ച് പൊതുസ്ഥലത്ത് ഗില്ലറ്റിൻ എന്ന യന്ത്രം സ്ഥാപിച്ച് ശിരച്ഛേദം നടത്തിയിരുന്നു. നാഷണൽ അസംബ്ലി സ്ഥിരമായി സമ്മേളിച്ച് നിയമങ്ങൾ പാസ്സാക്കിക്കൊണ്ടിരുന്നു. പതിനേഴായിരം പേരെങ്കിലും 'വിചാരണ' ചെയ്യപ്പട്ടശേഷം ഗില്ലറ്റിനിൽ കഴുത്തറക്കപ്പട്ടു. ആകെ അമ്പതിനായിരം പേരെങ്കിലും ജീവൻ വെടിഞ്ഞു എന്നാണു കണക്കാക്കപ്പെടുന്നത്. മഹത്ത്വവത്കരിക്കപ്പെട്ട ഒരു ചരിത്രമാണ് ഫ്രഞ്ചുവിപ്ലവത്തെ സംബന്ധിച്ച് പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിഭീകരമായ സംഭവങ്ങളാണ് വിപ്ലവത്തിന്റെ പേരിൽ അരങ്ങേറിയത് എന്ന് ആധുനികപഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സൈമൺ ഷാമാ എന്ന അമേരിക്കൻ ചരിത്രകാരൻ 2004 ൽ പ്രസിദ്ധീകരിച്ച 'ഫ്രഞ്ചുവിപ്ലവത്തിന്റെ ഒരു ക്രോണിക്കിൾ' എന്ന ഗ്രന്ഥം ഒരുദാഹരണമാണ്. 1793 ജനുവരി 21–ാം ലൂയി പതിനാറാമൻ രാജാവും 1793 ഒക്ടോബർ പതിനാറിന് മരീ അന്തോണിയേറ്റ് രാജ്ഞിയും പൊതുമൈതാനത്തുവച്ച് ആരവങ്ങളുടെയും കൂക്കുവിളികളുടെയും നടുവിൽ ശിരച്ഛേദം ചെയ്യപ്പെട്ടു. തുടർന്ന് വിപ്ലവത്തിനു നേതൃത്വം കൊടുത്തവരും തമ്മിൽത്തമ്മിൽ കലഹിച്ചു വധിക്കപ്പെടുകയുണ്ടായി.

**രക്തസാക്ഷികൾ**

കംപിയേഞ്ഞിൽ പല സ്ഥലങ്ങളിലായി താമസിച്ചിരുന്ന സന്ന്യാസിനികൾ രാജ്യദ്രോഹികളായി മുദ്രകുത്തപ്പെട്ട് അറസ്റ്റുചെയ്യപ്പെടുകയും വിചാരണയ്ക്കായി അവരെ പാരീസിലേക്കു കൊണ്ടുവരികയും ചെയ്തു. 1794 ജൂലൈ പതിനേഴിനാണ് വിചാരണ നടന്നത്. അന്നുതന്നെ അവരെ വധിക്കുവാൻ വിധിപറയുകയും ചെയ്തു. ഈ അറസ്റ്റ് നടക്കുമ്പോഴും വിചാരണയുടെ സമയത്തും ബ്ലാൻഷ് ദ ല ഫോർസ് അവരോടൊപ്പം ഇല്ലായിരുന്നു. സിസ്റ്റർ കൊൺസ്താൻസ് മറ്റുള്ളവരോടു പറഞ്ഞിരുന്നു: "അവൾ എവിടെനിന്നെങ്കിലും വരും." ബ്ലാൻഷ് തന്റെ പിതാവിന്റെ പക്കൽ അഭയം പ്രാപിച്ചിരുന്നു.




ജോർജ് ബർണാനോസിന്റെ തിരക്കഥ അനുസരിച്ച് എടുത്ത ചലച്ചിത്രങ്ങളിലും സംഗീതനാടകത്തിലും ഏറ്റവും ഹൃദയസ്പൃക്കായ രംഗം ഈ സന്ന്യാസിനികളെ ജയിലിൽനിന്നു കൊലക്കളത്തിലേക്കു കുതിരവണ്ടിയിൽ കൊണ്ടുപോകുന്നതും ഓരോരുത്തരായി പടികൾ കയറിച്ചെന്ന് മരണം വരിക്കുന്നതുമാണ്.

തുറന്ന കുതിരവണ്ടിയിൽ ഈ പതിനാറുപേരും സന്ന്യാസവസ്ത്രങ്ങളണിഞ്ഞ് ലത്തീൻഭാഷയിൽ ഉച്ചസ്വരത്തിൽ കീർത്തനങ്ങളാലപിച്ചുകൊണ്ട് കടന്നുപോയപ്പോൾ വഴിയരികിൽ തടിച്ചുകൂടിയ ജനങ്ങൾ നിശ്ശബ്ദരായി അദ്ഭുതത്തോടെ നോക്കിനിന്നു. ഒളിവിൽ പോയിരുന്ന അവരുടെ ചാപ്ളൈൻ അവർക്കു മറ്റാരും കാണാതെ ആശീർവാദം നല്കുന്നുണ്ട്. ഗില്ലറ്റിൽ സ്ഥാപിച്ചിരുന്ന മൈതാനിയിലും ആളുകൾ സ്തബ്ധരായി നോക്കിനിന്നു. സന്ന്യാസിനികൾ ഒന്നുചേർന്നു പാടിയിരുന്ന കീർത്തനങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങി. ഓരോരുത്തരായി പാടിക്കൊണ്ടുതന്നെ കഴുത്തു വച്ചുകൊടുത്തു. അവസാനം സിസ്റ്റർ കൊൺസ്താസ് പാടിക്കൊണ്ട് പടികൾ കയറുമ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഉറച്ചസ്വരത്തിൽ ഒപ്പം പാടിക്കൊണ്ട് ധൈര്യസമേതം ബ്ലാൻഷ് മുന്നോട്ടു വന്നു. ഏറ്റവും അവസാനത്തവളായി അവളും ഗില്ലറ്റിനിൽ കഴുത്തുവച്ചുകൊടുത്തു. തൂക്കുമരത്തട്ടിൽ അവസാനത്തവൾ!

ബർണനോസ് എന്ന കലാകാരൻ ഈ വിവരണത്തിൽ കുറെ സ്വാതന്ത്ര്യം എടുത്തിട്ടുണ്ട്. എങ്കിലും ഈ പതിനാറു രക്തസാക്ഷികൾ മരണം വരിക്കുന്ന രംഗം മറ്റു ചരിത്രരേഖകളെയും സാക്ഷ്യങ്ങളെയും അടിസ്ഥാനമാക്കി വില്യം ബുഷ് എന്ന ചരിത്രകാരൻ രചിച്ച ഒരു ഗ്രന്ഥമുണ്ട്. To Quell the Terror (ഭീകരതയെ ശമിപ്പിക്കുവാൻ) എന്നാണ് 2015 ൽ പ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിന്റെ പേര്.

ഗില്ലറ്റിൽ കഴുത്തറക്കപ്പെട്ടവരെ രാജസിംഹാസനത്തിന്റെ മൈതാനത്തിനു തൊട്ടുപിന്നിലുള്ള പിക്പ്യൂസ് സിമിത്തേരിയിലാണ് മറവു ചെയ്തത്. 16 പേരുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു ഫലകം അവിടെ സ്ഥാപിച്ചിട്ടുണ്ട്.

ഇവരുടെ രക്തസാക്ഷിത്വത്തിന്റെ കൃത്യം പത്താംദിവസം, മാക്സ് മില്യൻ റൊബ്സ്പിയറുടെ കൂട്ടാളികളും ഗില്ലറ്റിൻയന്ത്രത്തിന് ഇരകളായതോടെ വിപ്ലവം അവസാനിച്ചു.

■



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

5

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**രാ**വിലെ പ്രാതൽ കഴിക്കുമ്പോൾ അമ്മ പറഞ്ഞു:

"കുറച്ചുകഴിഞ്ഞു ഞാൻ തയ്യൽക്കടവരെ ഒന്നു പോകും. ഈസ്റ്ററിനുടുക്കാൻ എടുത്ത സാരിയാണ്. ഇതുവരെ ബ്ലൗസ് തയ്ച്ചുകിട്ടിയില്ല. തിരികെവരുമ്പോൾ നിനക്കു ഞാൻ എന്താ വാങ്ങേണ്ടത്?"

മന്നാ എന്നാണ് നാക്കിൽ വന്നത്. പക്ഷേ, പറഞ്ഞതു വേറേയാണ്.

"എന്തെങ്കിലും മധുരമുള്ളതു വാങ്ങാമോ?"



ലഡ്ഡു മതിയോ?"

'മതി."

അമ്മ വേഗം ജോലിയെല്ലാം തീർത്തിട്ടു പോകാൻ തയ്യാറായി. സന്തോഷംകൊണ്ട് ഐവാന്റെ മനസ്സിൽ പൂത്തിരി കത്തി.

ആരെയും പേടിക്കാതെ മാലാഖമാരോടൊത്തു സംസാരിക്കാം.

അമ്മ സ്കൂട്ടി സ്റ്റാർട്ട് ചെയ്തിട്ടു പറഞ്ഞു:

"നീ അകത്തു പോ, വാതിൽ ആരു വന്നാലും തുറക്കരുത്, അമ്മ വേഗം വരും."

"ഒറ്റയ്ക്കിരിക്കാൻ പേടിയുണ്ടോ?"

"ഇന്നാളൊരു ദിവസം ഞാൻ തന്നെ ഇവിടെ ഇരുന്നില്ലേ? ടിവി കണ്ടോളാം."

"ഒത്തിരി ഉറക്കെ വെക്കരുതു കേട്ടോ..."

അമ്മ ഗേറ്റ് അടച്ചിട്ടു പോയതും കതകിന്റെ കുറ്റിയിട്ടിട്ട് ഐവാൻ മാലാഖമാരുടെ മുറിയിലേക്ക് ഓടിപ്പോയി.

വാതിൽ തുറന്ന് അവൻ അകത്തേക്കു കയറി. അവിടെ വച്ച ചോക്ലേറ്റും വെള്ളവും അവർ എടുത്തിട്ടില്ല.

മിഖയേൽമാലാഖ ജനലിൽക്കൂടി പുറത്തേക്കു നോക്കി നിൽക്കുന്നു. ഗബ്രിയേൽ, ജോഫിയേൽ മാലാഖമാർ എന്തോ സംസാരിച്ചുകൊണ്ടു നിൽക്കുന്നു.

"എന്താ ഞാൻ വെച്ച ചോക്ലേറ്റ് കഴിക്കാഞ്ഞത്? വെള്ളവും കുടിച്ചില്ല."

ജോഫിയേൽ മാലാഖയാണ് അതിന് ഉത്തരം പറഞ്ഞത്:

"രാത്രിയിൽ നല്ല ക്ഷീണമുണ്ടായിരുന്നു. ഉറങ്ങിപ്പോയി പിങ്ക്ളാങ്കീ, പിന്നെ ഞങ്ങൾക്ക് ഇതൊന്നും വേണ്ട കേട്ടോ."

"മന്നാ ഉണ്ടാക്കാൻ ഇവിടെ ആർക്കും അറിയില്ല."

"മന്നാ വേണമെന്ന് ആരാ പറഞ്ഞത്?"

മാലാഖാമാർ മൂന്നുപേരും ചിരിച്ചു.

"നീ എന്താ മറ്റു രണ്ടുപേരെ തുറന്നുവിടാഞ്ഞത്?"

"ഞാനോർത്തു, നിങ്ങൾ അതു ചെയ്തു കാണുമെന്ന്. മിഖായേൽമാലാഖയ്ക്കു നല്ല ശക്തിയുണ്ടല്ലോ എന്നും ഓർത്തു."

"ഞങ്ങൾ നീ വരാൻ നോക്കിയിരിക്കുകയായിരുന്നു, എന്നാൽ തുറന്നോ."

നാലാമത്തെ മാലാഖയുടെ അടുത്തെത്തി പൊതിഞ്ഞ പ്ലാസ്റ്റിക് കവറിൽ കൈവച്ചതും പുറത്തേക്കു വന്നത് റാഫേൽ മാലാഖയാണ്.

"ഇത് റാഫേൽ മാലാഖയല്ലേ, അസുഖങ്ങളിൽനിന്നു സുഖപ്പെടുത്തുന്ന മാലാഖ."

"എന്നെ എങ്ങനെ മനസ്സിലായി?"

"ഞാൻ കണ്ടിട്ടുണ്ട്, എനിക്ക് പനിപിടിച്ച് ആശുപത്രിയിൽ കിടന്നപ്പോൾ എന്റെ കട്ടിലിന്റെ പുറകിൽ വന്നുനിന്നത് എനിക്ക് ഓർമയുണ്ട്."

"ആണോ, അത് ഓർമയുണ്ടോ? എങ്കിൽ പറ, ഞാൻ അന്നിട്ടിരുന്ന വേഷം എന്തായിരുന്നു?"

'ഇപ്പോൾ ഇട്ടിരിക്കുന്നതു തന്നെ, നല്ല തിളങ്ങുന്ന പച്ചക്കുപ്പായം, ആ ഉടുപ്പിൽ X എന്നൊരു ചിഹ്നം ഉണ്ടായിരുന്നു.

"പിങ്ക്ളാങ്കീ, നീ ആള് കൊള്ളാമല്ലോ, ഇതുകൂടി ഓർത്തുവച്ചിട്ടുണ്ടോ?"

"പിന്നെ, ആരെങ്കിലും വയ്യാതെ കിടന്നാൽ അമ്മ റാഫേൽ മാലാഖയുടെ നൊവേന ചൊല്ലും, താഴത്തെ പ്രാർഥനാമുറിയിൽ ഒരു പുസ്തകത്തിൽ നൊവേനയുണ്ട്. പനി മാറിയപ്പോൾ എനിക്കു താങ്ക്സ് പറയണം എന്നുണ്ടായിരുന്നു. പക്ഷേ, അപ്പോഴേക്കും മാലാഖ പോയി."

"അതിനെന്താ, ഇപ്പോൾ പറഞ്ഞോ."

പിങ്ക്ളാങ്കി മാലാഖയുടെ കൈ പിടിച്ചിട്ടു പറഞ്ഞു: "താങ്ക്സ്."

"നിനക്ക് അടുത്ത മാലാഖയെ കാണേണ്ടേ?" ഗബ്രിയേൽ മാലാഖ ചോദിച്ചു.

"വേണം."

"പിന്നെയെന്താ നോക്കി നിൽക്കുന്നത്?"

അവൻ ഏറ്റവും അറ്റത്തിരിക്കുന്ന മാലാഖയെ സമീപിച്ചതും ഏരിയൽ മാലാഖ പുറത്തേക്കുവന്നു. അതൊരു സ്ത്രീരൂപമായിരുന്നു. തലയിൽ കിരീടം, വയലറ്റുനിറത്തിലെ ഉടുപ്പ്, രാജ്ഞിയുടേതുപോലെ കിരീടം.

"ഞാൻ ഈ കിരീടത്തിൽ ഒന്നു തൊടട്ടേ?"

ഏരിയൽ മാലാഖ കുനിഞ്ഞ് പിങ്ക്ളാങ്കിയുടെ തലയിൽ തലോടി, അവൻ ആ കിരീടത്തിൽ മെല്ലെ തൊട്ടുനോക്കി.

"ഷാജിച്ചായൻ പറഞ്ഞു, മാലാഖ മൃഗങ്ങളുടെയും കാടിന്റെയും പ്രകൃതിയുടെയും ഇൻചാർജ് ആണെന്ന്. എത്ര നാളായി ഞാൻ ഒരു നായക്കുട്ടിയെ ചോദിക്കുന്നു. അമ്മ സമ്മതിക്കുന്നില്ല, എനിക്ക് ഒരു നായ്ക്കുട്ടി, അല്ലെങ്കിൽ പൂച്ചക്കുട്ടിയാണെങ്കിലും മതി, തരുമോ? ഞാൻ പൊന്നുപോലെ നോക്കാം."

"നോക്കട്ടെ, നീ നല്ലകുട്ടിയായി ഇരുന്നാൽ തരാം."

"ഞാനിപ്പോൾ നല്ല കുട്ടിയല്ലേ?"

"അതേ, നീ നല്ല കുട്ടിയാണ്, അതുകൊണ്ടാണല്ലോ, ഞങ്ങൾ നിന്നോടു കൂട്ടുകൂട്ടുന്നത്."

"ഇനി കുറച്ചുകൂടെ നല്ല കൊച്ചാകാൻ എന്തു ചെയ്യണം?"

"നീ എന്തെങ്കിലും തെറ്റു ചെയ്യുമ്പോൾ ഞാൻ പറയാം കേട്ടോ."

താഴെ അമ്മ ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടു, വാതിൽ പതുക്കെ അടച്ചിട്ട് ജനാലയിൽ കൂടെ നോക്കി, അതേ, അമ്മയാണ്.

വാതിൽ തുറന്നു, അമ്മ അകത്തുവന്നതും ഒരു ചെറിയ പൊതി അവനെ ഏല്പിച്ചു. അതിൽ ലഡ്ഡു ആയിരുന്നു.

"താങ്ക്സ് അമ്മാ."

"മുഴുവനും ഇപ്പോൾത്തന്നെ കഴിച്ചുതീർക്കരുത്, ഉച്ചയ്ക്ക് ഉണ്ണാനുള്ളതാണ്."

പിങ്ക്ളാങ്കി അമ്മയ്ക്കും ഒരു ലഡ്ഡു കൊടുത്തു, അവനും ഒരെണ്ണം കഴിക്കാൻ തുടങ്ങി.

ഉച്ചയ്ക്ക് ഉണ്ണാനിരുന്നപ്പോൾ അവൻ അമ്മയോടു ചോദിച്ചു:

"അമ്മേ എനിക്ക് ഒരു പട്ടിക്കുഞ്ഞിനെ വാങ്ങിത്തരുമോ?"

"നിന്നോടു ഞാൻ പറഞ്ഞതല്ലേ? അമ്മയ്ക്ക് ഇവിടെ പിടിപ്പതു പണിയില്ലേ? അതിന്റെ കൂടെ പട്ടിക്കുഞ്ഞിനെ ഞാൻ എങ്ങനെ നോക്കും?"

"ഞാൻ അമ്മയെ സഹായിക്കാം, ഞാൻ നോക്കാം!"

അമ്മ എന്തോ ആലോചിച്ചിട്ടു പറഞ്ഞു: "ഞാൻ പപ്പയോടു പറയാം, പപ്പ സമ്മതിച്ചാൽ വാങ്ങാം."

"പപ്പ സമ്മതിക്കും."

അമ്മ ഉച്ചയ്ക്ക് ഉറങ്ങുമെന്നു കരുതി അവൻ കാത്തിരുന്നെങ്കിലും അത് ഉണ്ടായില്ല.

പിങ്ക്ളാങ്കിയുടെ മനസ്സിൽ മുഴുവനും പപ്പയെ പറഞ്ഞു സമ്മതിപ്പിക്കുന്നതെങ്ങനെ എന്നായിരുന്നു. ഏതിനം പട്ടിക്കുട്ടിയെ വാങ്ങണം? മനസ്സിൽ അവൻ പ്രാർഥിച്ചു.

"എന്റെ ഏരിയൽ മാലാഖയേ, എനിക്ക് ഒരു പട്ടിക്കുട്ടിയെ വാങ്ങിത്തരാൻ പപ്പയ്ക്കു തോന്നണേ."

രാത്രിയിൽ പപ്പ വരുന്നതു വരെ ഉറങ്ങാതെ കാത്തിരുന്നു.

പതിവുപോലെ പപ്പ അവനു കാഡ്ബറിസ് ചോക്ലേറ്റ് കൊടുത്തു. കുളിക്കാൻ പോയി ഐവാൻ കുളിമുറിയുടെ വാതിൽക്കൽത്തന്നെ കാത്തിരുന്നു.

"എന്താടാ, ഇവിടെ, പോയി കഴിക്കാൻ പാടില്ലായിരുന്നോ?"

"പപ്പ വന്നിട്ടു മതി."

"എന്താ ഒരു കള്ളലക്ഷണം? എന്താ വേണ്ടത്?"

"എനിക്കൊരു പട്ടിക്കുട്ടിയെ വേണം."

"പിങ്ക്ളാങ്കി, അമ്മ സമ്മതിക്കില്ല, വെറുതെ എന്തിനാ അവളെ ദേഷ്യം പിടിപ്പിക്കുന്നത്?"

"പപ്പ സമ്മതിച്ചാൽ വാങ്ങിത്തരാമെന്ന് അമ്മ പറഞ്ഞു."

"അമ്മ അങ്ങനെ പറഞ്ഞോ? അവൾ സമ്മതിച്ചാൽ നമുക്കു വാങ്ങാം."

"എനിക്ക് ബീഗിൾ മതി പപ്പാ."

"പട്ടിയുടെ പേരാണോ?"

"പേരല്ല, ഒരിനം നായ."

"ഇതൊന്നും പപ്പയ്ക്ക് അറിയില്ല, അതിന് എവിടെ വാങ്ങാൻ കിട്ടും?"

"കോട്ടയത്ത് ഒരിടത്തുണ്ടെന്നു വിശാൽ പറഞ്ഞു."

"വലിയ വിലയുള്ള ഇനമാണോ?"

"കുറച്ചു വിലയുണ്ട്. പിന്നെ ചെറിയ ഇനമാണ്, എനിക്കു നോക്കാൻ എളുപ്പമുണ്ട്."

പപ്പ ചിരിച്ചിട്ടു ചോദിച്ചു: "നീ ആണോ നോക്കാൻ പോകുന്നത്?"

"ഞാൻ നോക്കാം പപ്പാ, ഇതിന് ഒരുപാട് ഭക്ഷണമൊന്നും വേണ്ട, കാണാനും നല്ല രസമാണ്."

"ശരി, ഞായറാഴ്ചയാവട്ടെ. നമുക്കു പോകാം."

അത്താഴസമയത്ത് ഐവാൻ അമ്മയോടു പറഞ്ഞു: "പപ്പ ഒരു ബീഗിൾ പട്ടിക്കുട്ടിയെ വാങ്ങാമെന്നു സമ്മതിച്ചു."

"ബീഗിൾ...? അതിനെ എവിടെ വാങ്ങാൻ കിട്ടും?"

"വിശാലിന്റെ ചിറ്റപ്പന്റെ വീട്ടിലുണ്ട്, ഞാൻ അവനോടു ചോദിക്കാം."

"എല്ലാ വീട്ടിലും വളർത്തുമൃഗത്തിനെ വാങ്ങുമ്പോൾ പിള്ളേര് നോക്കാം എന്നൊക്കെ പറയും, പക്ഷേ, അവസാനം അത് അവിടുത്തെ അമ്മയുടെ ജോലിയാകും."

"ഇല്ലമ്മേ, പ്രോമിസ്, ഞാൻ നോക്കാം, നടക്കാൻ കൊണ്ടുപോകാം, കൂട് വൃത്തിയാക്കാം, ഭക്ഷണവും കൊടുക്കാം."

"കുറെ നാളായില്ലേ ഈ ആഗ്രഹം പറയുന്നു, നമുക്കു വാങ്ങാം."

പപ്പയും അമ്മയും സമ്മതിച്ചതേ, മാലാഖമാരോട് ഇതു പറയാൻ അവനു തിടുക്കമായി.

രാവിലെയേ ഇനി അതു സാധിക്കൂ.

രാത്രിയിൽ സ്വപ്നത്തിൽ പല വലുപ്പത്തിലും നിറത്തിലുമുള്ള ബീഗിൾനായ്ക്കൾ അവനെ കാണാൻ വന്നു. ബ്രൗൺ നിറത്തിലുള്ളത്, വെള്ളനിറത്തിലുള്ളത്, കറുപ്പും വെള്ളയുമുള്ളത് അങ്ങനെ പലതരം. അവനു വെള്ളയും ബ്രൗണുമാണ് ഇഷ്ടമായത്.

എന്തൊക്കെയോ സ്വപ്നം കണ്ട് അവൻ ഉറങ്ങിപ്പോയി.

(തുടരും)

നോവൽ 16

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ഫീസ് കൊടുത്തിരിക്കണം. ഫൈനോടുകൂടെ പത്താംതീയതി വരെ പഠിക്കാം. പിന്നെ ക്ലാസ്സിലിരുത്തില്ല.

സഹോദരിമാർ നാണംകെടാതിരിക്കാൻ റോയിച്ചായൻ കമ്പി മണിയോർഡറായിട്ടാണ് കാശയയ്ക്കുന്നത്.

രാമൻനായരുസാറിന്റെ ജ്യേഷ്ഠൻ ശിവങ്കുട്ടിയുടെ മൂത്ത മകൾ രേണുവാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടം വഹിക്കുന്നത്. രേണു, ലിസിയുടെ അടുത്തു വന്നു സ്വകാര്യമായി പറഞ്ഞു: "നിയമാനുസരണം, നോട്ടീസ് ബോർഡിൽ ഫീസു നല്കാത്തവരുടെ പേരിടുന്നു എന്നേയുള്ളൂ. പിന്നെ ജേക്കബ്സാറിന്റെ സ്വഭാവം, ആരോടും വേറുകൃത്യം കാണിക്കാൻ പാടില്ലാ എന്നതാണ്. അതുകൊണ്ട് മറ്റുള്ളവരെ വിളിച്ച് ഫീസ് ചോദിക്കുമ്പോൾ നിങ്ങളോടും ചോദിക്കുന്നതാണ്. അതു മൈൻഡു ചെയ്യണ്ടാ. നിങ്ങൾ ചേച്ചിയും അനുജത്തിയും വന്നു പഠിച്ചോളൂ. ഫീസു കൊടുത്തില്ലെന്നു കരുതി ക്ലാസ്സിൽ കയറാതിരുന്നാൽ ആർക്കാ നഷ്ടം? എല്ലാ മാസോം നാലഞ്ചു ദിവസത്തെ ക്ലാസ്സ് നഷ്ടമാകുന്നില്ലേ? കിട്ടിയ സൗകര്യം മുതലാക്കി പഠിക്കുന്നതാ മിടുക്ക്."

രേണുറ്റീച്ചറും റോയിച്ചായനും സ്കൂൾതലങ്ങളിൽ ഒന്നിച്ചു പഠിച്ചവരാണ്.

ഒരു ട്യൂഷൻ കിട്ടിയാൽ രക്ഷപ്പെടാം. ചെറിയ ക്ലാസ്സുകാരെയൊക്കെ ട്യൂഷൻ പഠിപ്പിക്കാനുള്ള ചങ്കൂറ്റം ലിസിക്കുണ്ട്. ദാഹിച്ചു മോഹിച്ചു കിട്ടിയ ഒരു ട്യൂഷൻ അവൾ മേഴ്സിക്കു കൊടുത്തു. അയൽപക്കക്കാരനായ തോമസ്സാറിന്റെ മക്കളെ പഠിപ്പിക്കണം. ആ സാറിന് കളക്ട്രേറ്റിൽ ജോലിയാണ്. ലിസിയെയാണ് വന്നുവിളിച്ചത്. അഞ്ചാംക്ലാസ്സിലും മൂന്നാംക്ലാസ്സിലും പഠിക്കുന്ന കുട്ടികളാണ്.

വീട്ടിൽപ്പോയി പഠിപ്പിക്കാൻ ലിസിക്ക് ഇഷ്ടം തോന്നിയില്ല. കാരണം, കുട്ടികളുടെ അമ്മ വലിയ മേക്കപ്പുകാരിയും നിഗളിയുമാണ്. എപ്പോഴും അവരുടെ വിവാഹജീവിതത്തെക്കുറിച്ചും പ്രണയകാലത്തെക്കുറിച്ചും വാതോരാതെ പറഞ്ഞുകൊണ്ടിരിക്കും. കൂട്ടത്തിൽ സെക്സുകാര്യങ്ങളും ഏറെ പറയും. അമ്മ പലപ്പോഴും അവരെ താക്കീതു ചെയ്തിട്ടുണ്ട്, കുട്ടികൾ കേൾക്കേ, ഇത്തരം വേണ്ടാതീനങ്ങൾ ഈ വീട്ടിൽ വന്നിരുന്നു സംസാരിക്കരുതെന്ന്. അവരുടെ ഈ സംസാരം ഒരു രോഗമാണെന്നാണ് അമ്മ പറയുന്നത്. രോഗമാണേലും അല്ലെങ്കിലും ലിസിക്കവരുടെ സംസാരം തീരെപിടിക്കില്ല.

എല്ലാവരുംകൂടെ നിർബന്ധിച്ച്, മേഴ്സിയെ പറഞ്ഞുവിട്ടു.

മേഴ്സി ലിസിയോടു പറഞ്ഞു: "ആ വീട്ടിൽ ധാരാളം പത്രമാസികകൾ വരുത്തുന്നുണ്ട്. അവിടെയിരുന്നിഷ്ടംപോലെ നിനക്കു വായിക്കാമാരുന്നു, ഇങ്ങോട്ടൊട്ട് തന്നുവിടത്തുമില്ല."

"സാരമില്ല, ചേച്ചി വായിച്ചിട്ട്, ഉള്ളടക്കം എന്നോടു പറഞ്ഞാൽ മതി."

"ആ ഇളയകൊച്ചിനെ നീ പഠിപ്പിച്ചോളൂ, നിനക്കവിടെയിരുന്നിഷ്ടംപോലെ വായിക്കാം."


"വേണ്ട ചേച്ചീ, എനിക്കാ പുള്ളിക്കാരീടെ വർത്താനമൊട്ടും ഇഷ്ടമല്ല."

"നിനക്കിഷ്ടമില്ലാത്തത് തലയിൽ എടുക്കാതിരുന്നാൽ മതി. അരിച്ചു കേൾക്കാൻ പഠിക്കണം. പറയുന്നവർ പറയും. നമ്മൾ ശ്രദ്ധിക്കാതിരുന്നാൽ മതി, കേൾക്കുന്നതായി അഭിനയിക്കുക. അതാണെന്റെ രീതി, കമാന്നൊരക്ഷരം ഞാമ്മിണ്ടില്ല.

"പിന്നെയുള്ള പ്രശ്നം ആതള്ളേം കൂടെ ഒപ്പമിരുത്തി പഠിപ്പിക്കണം, കൂടെ വന്നങ്ങിരിക്കുവാ. എന്നാലും പൈസാ കൃത്യമായി തരുമല്ലോ. നമ്മക്കതു പോരേ. ലോകം മുഴുവൻ നന്നാക്കിയെടുക്കാൻ നമ്മള് യേശുക്രിസ്തുവൊന്നും അല്ലല്ലോ."

"ദൈവമേ ഒരു നല്ല ട്യൂഷൻ തരണേ." ലിസി മനസ്സുരുകി പ്രാർഥിച്ചു.

മുറ്റത്തൊരു പാട്ടു കേൾക്കാം, വടക്കേടത്തെ ഗൗരിവല്യമ്മയുടെ സ്വരമാണ്. ആ അമ്മ നടവാതുക്കൽ മുറ്റത്തു തുണിയുണക്കാൻ വിരിച്ചിട്ടിരിക്കുന്നതു കണ്ടിട്ട്, കളിയാക്കിയിട്ട് ഒരു പാരഡിപ്പാട്ടുപാടിക്കൊണ്ടു വരുന്നതാണ്.



"പണ്ടൊരു നാരി വേലിമ്മേ കേറി, സാരി കീറി, ആ... ആ... സാരി കീറീ... 'കോമഡിപ്പാട്ടുപോലും ആയമ്മ പാടിയാൽ കച്ചേരിപ്പാട്ടുപോലെ രസകരമാണ്.

അമ്മ എളുപ്പംചെന്ന് തുണികളെല്ലാം അയയിൽനിന്നു പെറുക്കിയെടുത്തു. തൂത്തുമടക്കി, അലമാരിയിൽ വയ്ക്കാൻ മേഴ്സിയും സഹായിച്ചു.

വല്യമ്മ ലിസിയെ അടുത്തു വിളിച്ചു: "മകനൊത്തിരി കഷ്ടപ്പെടുന്നുണ്ട് അല്ലേ, ഒക്കെ രേണു വന്നുപറഞ്ഞു, ഞാൻ മകനിച്ചിരി പൈസാ തരാം. ഇതു കൈയിൽ വയ്ക്കുകയോ, ചെലവാക്കുകയോ എന്തുവേണമെങ്കിലും ചെയ്തോളൂ, ഇനി ഒരിക്കലും മക്കക്ക് കാശിനു ദാരിദ്ര്യം വരില്ല, സത്യം."

വല്യമ്മ തലയിൽ വലതുകരം വച്ച് അനുഗ്രഹിച്ചു. ഒരു ഒറ്റ രൂപാനോട്ട് ലിസിയുടെ വലതു കൈപ്പടത്തിനുള്ളിൽ വച്ചുകൊടുത്തു. ലിസി രണ്ടുകൈയും നീട്ടിയതു വാങ്ങി.

പത്തുപൈസാ പള്ളിയിൽ സ്തോത്രമർപ്പിക്കാനായി മാറ്റിവച്ചു. പത്തു പൈസയ്ക്ക് പത്തു നാരങ്ങാമിഠായി വാങ്ങി ഗൗരിയമ്മയുൾപ്പടെ വീട്ടിലെ എല്ലാപേർക്കുമവൾ കൊടുത്തു. ബാക്കികൊടുത്ത് തമ്പിച്ചേട്ടന്റെ കടയിൽനിന്ന് പേപ്പർ വാങ്ങി.

ലിസിയുടെ അടുത്ത കൂട്ടുകാരികളാണ് പൊന്നമ്മയും ശോഭനയും ഗ്രേസിയുമൊക്കെ. അവർ മൂവരും വീട്ടിൽവന്ന് അവളെയുംകൂട്ടി ഒരുമിച്ചാണ് പഠിക്കാൻ പോകുന്നത്. ഗ്രേസി വീടിന്റെ പടിക്കൽവന്ന് ബസ്സിറങ്ങും, മറ്റുള്ളവർ നടന്നുവരും. അമ്മ അവർക്ക് പലപ്പോഴും സംഭാരം കുടിക്കാൻ കൊടുക്കും. ചിലപ്പോൾ അവർ ലിസിയോടൊപ്പം ചക്കപ്പുഴുക്ക് ഒക്കെക്കഴിച്ചിട്ടുണ്ട്.

പൊന്നമ്മയുടെ സഹോദരൻ ചന്തക്കവലയിലെ പേപ്പർ മാർട്ടിൽനിന്ന് പെങ്ങൾക്കു കൊടുത്തതിൽനിന്ന് കുറേയധികം പേപ്പർ പൊന്നമ്മ ലിസിക്കുകൊണ്ടെ കൊടുത്തു. ഇതുകണ്ട ശോഭന പറഞ്ഞു: എനിക്കും അച്ഛൻ ഇഷ്ടംപോലെ പേപ്പർ കൊണ്ടെത്തന്നിട്ടുണ്ട്. നാളെയാകട്ടേ. ഗ്രേസിയുടെ സഹോദരന്മാർ റെയിൽവേ പൊലീസിലാണ്. അവരുടെ ഏകസഹോദരിയാണ് ഗ്രേസി. ഗ്രേസി പറഞ്ഞു: എനിക്കും കെട്ടുകണക്കിനെല്ലാം വാങ്ങിത്തന്നിട്ടുണ്ട്, ഞാനും കൊണ്ടരാം. ശോഭനയും ഗ്രേസിയും വാക്കുപാലിച്ചു.

ഹിന്ദുസ്ഥാൻ പെൻസിൽ കമ്പനിയിൽ ജോലിചെയ്യുന്ന റോയിച്ചായൻ ബോംബെ കാണാൻ പോയ കൊച്ചുപ്പാപ്പന്റെ കൈവശം കൊടുത്തുവിട്ട ഷോർട്ട് ഹാൻഡുപെൻസിലുകളിൽനിന്ന് അവൾ ആ കൂട്ടുകാർക്കും കുറേ നല്കി.

അസ്തമയസൂര്യന്റെ ചെങ്കതിരുകൾ പ്രഭവിതറിയ ഒരു മനോഹരമായ സായാഹ്നം! ആ സായാഹ്നം അവൾ മറക്കില്ലൊരിക്കലും. അന്ന് മാലാഖയെപ്പോലെ അതിസുന്ദരിയായ ഒരമ്മ കടന്നുവന്നു, പാറേലമ്മ. പള്ളിയിൽ ആ അമ്മയെ എന്നും കാണാറുണ്ട്, മുടക്കമില്ലാതെ പള്ളിയിൽ പോകുന്ന പാറേലമ്മയോടൊപ്പം, ഒന്നിച്ച്, പള്ളിയിൽനിന്നുള്ള മടക്കയാത്രയും ചെയ്തിട്ടുണ്ട്. പള്ളിയിലെ സ്ത്രീസമാജത്തിന്റെ സെക്രട്ടറിയായ ലിസിയെ ആ അമ്മയ്ക്ക് ഏറെ ഇഷ്ടമാണ്.

പാറേലമ്മ വന്നത്, അവരുടെ മകളുടെ മകൾ ബിന്ദുവിനെ ലിസിയെക്കൊണ്ട് പഠിപ്പിക്കുന്ന കാര്യം പറയാനാണ്.

പക്ഷേ, വീട്ടിൽച്ചെന്നു പഠിപ്പിക്കണം, റോഡിലൂടെ ആ ഇത്തിരിക്കുഞ്ഞിനെ ഒറ്റയ്ക്കു വിടില്ലത്രേ.

അമ്മ പറഞ്ഞു: "തെക്കേപ്രത്തെ തോമാച്ചന്റെ മകളെ വീട്ടിൽപ്പോയി പഠിപ്പിക്കാൻ പറഞ്ഞിട്ടവളു പോയില്ല, പകരം മേഴ്സിയാ പഠിപ്പിക്കുന്നേ."

"അത് കുഞ്ഞന്നാമ്മേ, ഞങ്ങടെ വീട്ടിൽ പ്രായമായ അപ്പച്ചിയും ഞാനും ബിന്ദുമോളും മാത്രേയുള്ളൂ, ഒട്ടും പേടിക്കണ്ടാ, എന്റെ കൊച്ചുമക്കളെപ്പോലെ ഞാൻ നോക്കിക്കോളാം, മെയിൻ റോഡുവരെ കൂട്ടിക്കൊണ്ടു പോകാനും കൊണ്ടാക്കാനും ഞാനോ അപ്പച്ചിയോ വരാം."

ലിസി എതിർത്തൊന്നും ഉരിയാടിയില്ല. ആ അമ്മയോടൊപ്പം പോയി. ക്രിസ്മസ് പരീക്ഷാകാലമാണ്. താമസിച്ചാൽ ആ കുഞ്ഞ് ജയിക്കില്ലെന്ന്. പറ്റുമെങ്കിൽ രണ്ടുനേരവും പഠിപ്പിക്കണം, അതിന്റെ പണവും കൂട്ടിത്തരാമെന്ന്. അഡ്വാൻസായി ഫീസ്, പാറേലമ്മ ലിസിയുടെ വലതു കൈയിൽ വച്ചുകൊടുത്തു. കാപ്പിയും പലഹാരങ്ങളും കഴിക്കാനും കൊടുത്തു. പോകാൻനേരം, വരിക്കച്ചക്കപ്പഴം, ചാമ്പങ്ങാ ഒക്കെ സഞ്ചിയിലാക്കി, ഏറെ നിർബന്ധിച്ചു കൊടുത്തുവിട്ടു.

അമ്മ പറഞ്ഞു: "രാവിലെ ഈ നടവാതുക്കമുറ്റം മാത്രം ഒന്നടിച്ചു തന്നാൽ മതി, പോയി ട്യൂഷൻ പഠിപ്പിക്ക്, വെറുതെ തറവാട്ടിൽപ്പോയി കൂലിയില്ലാ വേല ചെയ്യേണ്ടല്ലോ, നോയമ്പു കാലമാ വരുന്നേ, അപ്പച്ചന് യാമപ്രാർഥന ചൊല്ലിക്കാനെന്നു പറഞ്ഞ് മെനക്കെടുത്തി, ചേടിപ്പണി എല്ലാം ചെയ്യിക്കും, വല്ല പ്രയോജനമുണ്ടോ, അതുമില്ല."

ഒന്നു നിർത്തിയിട്ട് അമ്മ തുടർന്നു: "ഗൗരിയമ്മയുടെ കൈപൊലിച്ചു, പൂജിച്ചോ, പ്രാർഥിച്ചോ വല്ലോം കൊണ്ടെത്തന്ന കാശാകും, അതു മക്കക്ക് അനുഗ്രഹമായല്ലോ."

എത്ര പെട്ടെന്നാണ് ദിവസങ്ങൾ ഓടിയകന്നത്. പണ്ടത്തെപ്പോലെ ഒച്ചിഴയുന്നതുപോലെയല്ല ഇപ്പമുള്ള ദിവസവേഗം. ലിസിക്ക് ബിന്ദുമോളെ രണ്ടു നേരം പഠിപ്പിക്കണം. ഒപ്പം ക്രിസ്മസ്രാവിൽ പാടാൻ ഒരു പാട്ടും പഠിപ്പിക്കണമെന്ന്. രാവിലെയും വൈകിട്ടും ചെറുകടിയും കാപ്പിയും തരും.

പാറേലമ്മയുടെ അയൽവക്കത്തുള്ള മറ്റക്കണ്ടത്തിലെ സന്ധ്യയെക്കൂടെ ബിന്ദുവിന്റെ കൂട്ടത്തിൽ പഠിപ്പിക്കാമോ എന്നു ചോദിച്ച് സന്ധ്യയുടെ അമ്മ മോളി വന്നു.

"ലിസിക്കുട്ടിക്ക് രണ്ടു പൈസാകിട്ടിക്കോട്ടേ, എന്നാൽ, ഒപ്പമിരുത്തി വേണ്ടാ, ബിന്ദുവിനെ പഠിപ്പിച്ചിട്ടു മതി, ഞാൻ ബിന്ദുമോളേ പഠിപ്പിക്കാൻ വിളിച്ചോണ്ടുവന്നതാ ആ കുട്ടിയെ."

പാറേലമ്മ കട്ടായം പറഞ്ഞു: "ബിന്ദുവിനെ ഇപ്പോൾ പഠിപ്പിക്കുന്നതുപോലെതന്നെ വേണം. രണ്ടുനേരവും സമയമൊട്ടും കുറയ്ക്കരുത്, ഞാൻ അഡ്വാൻസായി ഫീസ് കൊടുക്കുന്നൊണ്ട് അല്ലേ."

മോളിച്ചേച്ചി പറഞ്ഞു: "റ്റീച്ചറിന് പറ്റുന്നതുപോലെ പഠിപ്പിക്ക്, മോൾ പഠിക്കാൻ മിടുക്കിയാണ്, എന്തു പറഞ്ഞാലും പെട്ടെന്നു മനസ്സിലാക്കും, അനിയത്തി ഉമയാണ് പഠിപ്പിച്ചിരുന്നത്, അവളുടെ വിവാഹംവരെയും. ഞാൻ പഠിപ്പിച്ചാൽ ശരിയാകത്തില്ല, ഏതായാലും റ്റീച്ചർ അത്രടംവരെ ഒന്നു വന്നിട്ടുപോകൂ, ചേട്ടൻ ചെലവിനയച്ചു തരുമ്പോൾ കണക്കൊന്നും പറയാതെ ഞാൻ ഫീസ് തരാം."

പാറേലമ്മയുടെ മുഖം കടന്നൽകുത്തിയതുപോലെയായി.

പണം അത്യാവശ്യമായതിനാൽ ആരെയും പിണക്കാതെ, ലിസി സന്ധ്യയുടെ വീട്ടിലേക്കു പോയി. സന്ധ്യയുടെ അച്ഛൻ ദുബായിലാണ്. മുത്തച്ഛന്റെ എണ്ണച്ചായച്ചിത്രം ചില്ലിട്ട് വരാന്ത ഭിത്തിയിൽ വച്ചിരിക്കുന്നു. ലിസി അമ്പരന്നുപോയി. അവളറിയാതെ വിളിച്ചുകൂവി: ദൈവമേ! എന്റെ നാലിലെ ക്ലാസ്സ്റ്റീച്ചർ കേശവപിള്ളസാർ, അയ്യോ സാറിന് എന്നെ എന്തിഷ്ടമായിരുന്നു!"

ശേഷം 12-ാം പേജിൽ

# മലയാളി മറന്നുപോയ മഹാമനീഷി



ഡോ. തോമസ് സ്കറിയ

“ഞാൻ വിദ്യാർഥിയായിരുന്ന കാലത്തു ഭാഷാസാഹിത്യത്തിലുള്ള അഭിരുചി എന്നിൽ വളർത്തുകയും പ്രകൃതഗ്രന്ഥത്തിന്റെ പ്രണയനത്തിൽ ഉപദേശംകൊണ്ടും പ്രോത്സാഹനംകൊണ്ടും എന്നെ പ്രവൃദ്ധോന്മേഷനാക്കുകയും പ്രൗഢമായ ഒരു അവതാരികയാൽ ഈ കൃതിയുടെ ന്യൂനതകൾ മിക്കവാറും പരിഹരിക്കുകയും ചെയ്ത എന്റെ വന്ദ്യഗുരുഭൂതൻ ശ്രീമാൻ എടമരത്തു വി. സിബാസ്റ്റ്യൻ അവർകളെ ഭക്ത്യാദരപൂർവ്വം സ്മരിച്ചുകൊള്ളുന്നു.” എം പി പോൾ നോവൽസാഹിത്യത്തിന് എഴുതിയ മുഖവുര അവസാനിപ്പിക്കുന്നതിങ്ങനെയാണ്.


കുമാരനാശാന്റെ നളിനിക്ക് എ. ആർ. രാജരാജവർമ്മ എഴുതിയ അവതാരികയും ബഷീറിന്റെ ബാല്യകാലസഖിക്ക് എം. പി. പോൾ എഴുതിയ അവതാരികയും ഏറെ പ്രസിദ്ധമാണ്. ഒരുപക്ഷേ, അവയ്ക്കൊപ്പം പരിഗണിക്കാവുന്ന ഒരു അവതാരികയാണ് എടമരത്ത് വി. സിബാസ്റ്റ്യന്റേതും. ഒരു ലക്ഷണഗ്രന്ഥത്തിന്റെ ഉള്ളിലേക്കു പ്രവേശിക്കുവാൻ വേണ്ടുന്നതൊക്കെ അതിലദ്ദേഹം ഗംഭീരമായി ഒരുക്കി. നോവൽ എന്ന പുതുശാഖയുടെ സ്വരൂപസവിശേഷതകളിലേക്കുള്ള ഒരു പ്രകാശാരോഹണമായിരുന്നു പോളിന്റെ നോവൽസാഹിത്യം. അത് അദ്ദേഹത്തിന്റെ ആദ്യകൃതിയുമായിരുന്നു. അങ്ങനെയുള്ള നോവൽസാഹിത്യത്തിന് അവതാരിക എഴുതുവാൻ എം.പി. പോൾ സമീപിച്ച എടമരത്ത് വി. സിബാസ്റ്റ്യൻ ആരായിരുന്നു? മലയാളി മറന്നുപോയ ആ മഹാമനീഷിയെക്കുറിച്ച് ഒരു അന്വേഷണം കാലം ആവശ്യപ്പെടുന്നുണ്ട്.

അവതാരികയിൽ അദ്ദേഹം സാഹിത്യശാഖകളിലെ സുരഭിലകുസുമങ്ങളെ മനസ്സിരുത്തി വീക്ഷിച്ച് അതിന്റെ സൗന്ദര്യപ്രഭവം ജനങ്ങൾക്കു സാകല്യേന വിദിതമാക്കാൻ ഒരുമ്പെടുന്നവരുടെ സംഖ്യ ശൂന്യമാണ് എന്ന് സൂചിപ്പിക്കുന്നു. ആട്ടക്കഥയ്ക്കു സംഭവിച്ച ദുരന്തം എന്ത് എന്നു വിശദീകരിച്ചശേഷം സാഹിത്യപ്രണയം വർദ്ധിച്ചുവരുന്നതുമൂലം അരയും തലയും മുറുക്കി ദുർവിദഗ്ധന്മാർ കേരളത്തെ കഥയും കവിതയും കൊണ്ടു മൂടാൻ ഇറങ്ങുന്നതിന്റെ ദുരന്തത്തെ ചൂണ്ടിക്കാണിക്കുന്നു. തുടർന്നു നോവൽപ്രസ്ഥാനത്തിന്റെയും ആ പ്രസ്ഥാനത്തിൽ മുന്നിൽ നിൽക്കുന്ന കൃതികളുടെയും നിരൂപണമാണ് നോവൽസാഹിത്യത്തിന്റെ വിഷയം എന്നു വ്യക്തമാക്കുന്നു. നോവലുകൾ മലയാളത്തിൽ എതിരറ്റു തഴച്ചുവളരുന്ന സാഹിത്യപ്രകാണ്ഡം ആകുന്നു എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. അവയെ വിലയിരുത്താൻ പഴയ പ്രമാണങ്ങൾ പോരെന്നും പുതിയ പ്രമാണങ്ങൾ നിരൂപകന്മാർ കണ്ടെത്തണമെന്നും നിർദേശിക്കുന്നു.

കൈരളി അപൂർവലബ്ധമായി വക്ഷസ്സിൽ അണിയാൻ ആരംഭിക്കുന്ന ഈ വിമർശനഹാരത്തിലെ മണികൾക്കുള്ള വിലപ്പിടിപ്പു സ്ഥാലീപുലാകന്യായേന അല്പമെങ്കിലും വിശദമാക്കേണ്ടത് പ്രകൃതത്തിൽ തന്റെ കർത്തവ്യമാണല്ലോ എന്ന് അദ്ദേഹം ഓർക്കുന്നു. ആ കർത്തവ്യം അദ്ദേഹം ഭംഗിയായി അവതാരികയിൽ നിർവഹിക്കുന്നു; പ്രതിപാദനത്തിന്റെ വൈശിഷ്ട്യം ചൂണ്ടിക്കാണിക്കുന്നു. ശാലീനമായ രീതിയിൽ സംഗതികൾ അക്ലിഷ്ടമായി വിവരിച്ച് ഉദാഹരണപരമ്പരകൊണ്ടും തോലനകൊണ്ടും പ്രസ്പഷ്ടമാക്കി ഇടയ്ക്കിടെ പ്രൗഢഫലിതങ്ങളോടുകൂടിയുള്ള ഈ വിമർശനത്തിന്റെ ഗതി അച്ഛസ്ഫടികസരിൽപ്രവാഹംപോലെ പ്രസന്നഗംഭീരമായിട്ടാണ് തനിക്കു തോന്നുന്നത് എന്നും പറഞ്ഞുവയ്ക്കുന്നു.

1930 ലാണ് ഈ അവതാരിക അദ്ദേഹം എഴുതുന്നത്. മലയാള-സംസ്കൃത ഭാഷകളിലും ദൃഢവൈദുഷ്യം ഉപാർജ്ജിപ്പാൻ വേണ്ടി സദാ ഉത്സാഹിച്ചുകൊണ്ടിരിക്കുന്ന പോൾ സഹൃദയാഭിനന്ദനങ്ങൾ സിദ്ധിക്കുന്ന പക്ഷം ഇനിയും പല സാഹിത്യമൗക്തികങ്ങൾ മജ്ജനം ചെയ്തെടുക്കാൻ പ്രാപ്തനായ ആളാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ആ നിരീക്ഷണം ശരിയായിരുന്നുവെന്ന് എം.പി.പോൾ പിന്നീട് തെളിയിച്ചു. എന്നാൽ, എടമരത്ത് വി. സിബാസ്റ്റ്യൻ എന്ന പ്രതിഭ വിസ്മൃതിയിലാണ്ടുപോയി. അദ്ദേഹത്തെ ഓർമ്മിക്കേണ്ടവർപോലും മറന്നു എന്നു പറയുന്നതാവും ശരി.

ജോസഫ് മുണ്ടശ്ശേരിക്കൊപ്പം തൃശ്ശൂർ സെന്റ് തോമസ് കോളജിലെ ഭാഷാധ്യാപകനായിരുന്നു എടമരത്ത് വി. സിബാസ്റ്റ്യൻ. ഗുരുനാഥൻ എന്ന ഒരേയൊരു പരിഗണനകൊണ്ടുമാത്രമല്ല എം.പി.പോൾ നോവൽസാഹിത്യത്തിന് അവതാരിക എഴുതാൻ അദ്ദേഹത്തെ തിരഞ്ഞെടുത്തത്. മലയാളത്തിലെ ആദ്യത്തെ ഭാഷാശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവായിരുന്നു എടമരത്ത് വി. സിബാസ്റ്റ്യൻ.




1922 ലാണ് അദ്ദേഹത്തിന്റെ ‘ഭാഷാശാസ്ത്രം’ എന്ന ഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. ഉള്ളൂരായിരുന്നു ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയത്. ലീലാതിലകം, കേരളപാണിനീയം എന്നിവയൊഴിച്ചാൽ ഈ വിഷയത്തെ സ്പർശിക്കുകമാത്രമെങ്കിലും ചെയ്യുന്ന ഗ്രന്ഥങ്ങൾ അന്നില്ലായിരുന്നു. അതുകൊണ്ട്‘ മലയാളത്തെ സംബന്ധിച്ചിടത്തോളം പൂർവസൂരികളാൽ കേവലം അക്ഷുണ്ണമെന്നുതന്നെ പറയാവുന്ന ഒരു മാർഗത്തെയാണ് ‘സിബാസ്റ്റ്യൻ വെട്ടിത്തുറന്നു സഞ്ചാരയോഗ്യമാക്കിത്തീർക്കുവാൻ ഉദ്യമിക്കുന്നതെന്നു ഉള്ളൂർ രേഖപ്പെടുത്തി. എന്നാൽ, ആ വഴി സഞ്ചരിച്ചവർ അദ്ദേഹത്തെ മറന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മനുഷ്യവർഗം സാംസ്കാരികമായി പരിണമിച്ചപ്പോഴാണ് മനുഷ്യഭാഷയുടെ സ്വഭാവത്തിലുള്ള താത്പര്യം ഉടലെടുത്തത്. ഈ സവിശേഷമായ മാനുഷികസ്വഭാവത്തെക്കുറിച്ച് ദാർശനികമോ പ്രായോഗികമോ ആയ ആശങ്കകൾ വെളിപ്പെടുത്തുന്ന രേഖകൾ അവശേഷിപ്പിക്കാത്ത ഒരു സംസ്കാരവുമില്ല. ഭാഷയുടെ കാര്യത്തിൽ വ്യത്യസ്ത ചരിത്രകാലഘട്ടങ്ങൾ വ്യത്യസ്ത ഊന്നലുകളും വ്യത്യസ്ത ലക്ഷ്യങ്ങളും വെളിപ്പെടുത്തിയിട്ടുണ്ട്. ഈജിപ്ഷ്യൻ ശസ്ത്രക്രിയാവിദഗ്ധർ ചികിത്സാപരമായ ചോദ്യങ്ങളാൽ ആശങ്കാകുലരായിരുന്നു. ഏകദേശം ബി സി 1700 ലെ ഒരു ഈജിപ്ഷ്യൻ പാപ്പിറസ്, മസ്തിഷ്കക്ഷതത്തെത്തുടർന്നുള്ള ഭാഷാവൈകല്യങ്ങളുടെ വിവരണങ്ങൾ ഉൾപ്പെടുന്നതാണ്. പുരാതന ഗ്രീസിലെ തത്ത്വചിന്തകർ ഭാഷയുടെ ഉത്ഭവവും സ്വഭാവവും സംബന്ധിച്ച ചോദ്യങ്ങൾ ചോദിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

പ്ലേറ്റോയ്ക്കും അരിസ്റ്റോട്ടിലിനും ഭാഷയിൽ ശ്രദ്ധയുണ്ടായിരുന്നു. ഗ്രീക്കുകാരും റോമാക്കാരും വ്യാകരണങ്ങൾ എഴുതി. ഭാഷയുടെ ശബ്ദങ്ങളെയും വാക്കുകളുടെയും വാക്യങ്ങളുടെയും ഘടനയെയുംകുറിച്ച് അവർ ചർച്ച ചെയ്തു. ഈ താത്പര്യം മധ്യകാലഘട്ടത്തിലും നവോത്ഥാനകാലഘട്ടത്തിലും അഭേദ്യമായ ഒരു തന്തുവിൽ ഇന്നും തുടരുന്നു. എന്നാൽ, ഭാഷാപരമായ അന്വേഷണം യൂറോപ്പിൽമാത്രമായി ഒതുങ്ങിയിരുന്നില്ല. ഇന്ത്യയിൽ ബിസി പന്ത്രണ്ടാം നൂറ്റാണ്ടിൽത്തന്നെ സംസ്കൃതഭാഷ വിശദമായ വിശകലനത്തിനു വിധേയമായിരുന്നു. പാണിനിയുടെ സംസ്കൃതവ്യാകരണം ഇപ്പോഴും ഏറ്റവും വലിയ ഭാഷാനേട്ടങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. കൂടാതെ, ചൈനീസ്, അറബിക് പണ്ഡിതന്മാരെല്ലാം മനുഷ്യഭാഷയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തിനു ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ജീവിവർഗത്തിന്റെ അതുല്യസവിശേഷതയായ മനുഷ്യഭാഷ ചരിത്രത്തിലുടനീളം താത്പര്യമുള്ള വിഷയമാണ്. മനുഷ്യഭാഷയെക്കുറിച്ചുള്ള ശാസ്ത്രീയപഠനത്തെ ഭാഷാശാസ്ത്രം എന്നു വിളിക്കുന്നു. മനുഷ്യഭാഷയെ അതിന്റെ ഘടന, ഉപയോഗം, ചരിത്രം, സമൂഹത്തിൽ അതിന്റെ സ്ഥാനം എന്നിങ്ങനെ എല്ലാ തലങ്ങളിലും അന്വേഷിക്കുന്ന ഒരു ശാസ്ത്രജ്ഞനാണ് ഭാഷാശാസ്ത്രജ്ഞൻ. എടമരത്ത് വി. സിബാസ്റ്റ്യൻ ആ അർത്ഥത്തിൽ ഒരു ഉത്തമഭാഷാശാസ്ത്രജ്ഞനാണ്. യൂറോപ്യൻ ഭാഷകളിൽ ഉപപാദിച്ചിട്ടുള്ള ഭാഷാശാസ്ത്രതത്ത്വഗ്രന്ഥങ്ങൾ പരിശോധിച്ചാണ് എടമരത്ത് വി. സിബാസ്റ്റ്യൻ ഭാഷാശാസ്ത്രം എഴുതിയത്. അതിനദ്ദേഹത്തിന് ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയത് പി. ശങ്കരൻനമ്പ്യാരായിരുന്നു.

രണ്ടുഭാഗങ്ങളായി തിരിച്ചാണ് ഭാഷാശാസ്ത്രം എന്ന ഗ്രന്ഥം സിബാസ്റ്റ്യൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഒന്നാം ഭാഗം ഭാഷാശാസ്ത്രതത്ത്വങ്ങളുടെ സാമാന്യവിവരണമാണ്. ഉച്ചാരണവും ലിപികളും, വർണോത്പത്തി, ഭാഷണവും ലേഖനവും, ഭാഷാവിഭജനം എന്നിവ ഒന്നാം ഭാഗത്തിൽ വിശദമായി പ്രതിപാദിക്കുന്നു. രണ്ടാം ഭാഗം ഭാഷാശാസ്ത്രങ്ങളുടെ വിശേഷവിവരണമാണ്. പ്രാകൃതകക്ഷ്യ, സംശ്ലിഷ്ടകക്ഷ്യ, വൈകൃതകക്ഷ്യ എന്നിവയെക്കുറിച്ചും ജാതിയും ഭാഷയും, തുറേനിയൻ വംശവും അതിന്റെ ഏതദ്ദേശ്യവിഭാഗങ്ങളും, ശബ്ദം, വിചാരം, സംസാരഭാഷ, സർവ്വഭാഷാ സാധാരണങ്ങളായ ഭണിതിനീതികൾ, ശബ്ദാർഥപരിവർത്തനം, ഭാഷയുടെ വളർച്ച എന്നിവയും ഈ ഭാഗത്തു വിവരിക്കുന്നു.

പാശ്ചാത്യഭാഷാശാസ്ത്രഗ്രന്ഥങ്ങളിലൊന്നു മലയാളത്തിലേക്കു പരിഭാഷപ്പെടുത്താതെ അതിലെ ആശയങ്ങൾ സ്വീകരിച്ചും ചിലത് സംഗ്രഹിച്ചും ഉദാഹരണങ്ങൾ മലയാളത്തിൽനിന്നു ഉദ്ധരിച്ചുമാണ് സിബാസ്റ്റ്യൻ ഭാഷാശാസ്ത്രം എന്ന ഗ്രന്ഥമെഴുതിയത്. ലേഖനകലയുടെ അഭിവൃദ്ധിചരിത്രം അദ്ദേഹം പരിശോധിക്കുന്നുണ്ട്. പാശ്ചാത്യലിപികൾക്കും പൗരസ്ത്യലിപികൾക്കും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു. ചുരുക്കെഴുത്തിന്ന് നൂതനലിപികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു നിരീക്ഷിക്കുകയും ചെയ്യുന്നു. ഭാഷകളെ പ്രക്രിയാരഹിതമെന്നും പ്രക്രിയാസഹിതമെന്നും രണ്ടു മഹാഭാഗങ്ങളായി വിവേചിക്കാമെന്നു വ്യക്തമാക്കുന്നു. പ്രക്രിയാസഹിതമായ ഭാഷാവിഭാഗത്തിന് അംഗലീനകം, അംഗനിലീനകം, അംഗവിലീനകം എന്നിങ്ങനെ മൂന്നുപവിഭാഗങ്ങൾകൂടി ആവശ്യമാണ് എന്നു നിർദേശിക്കുകയും ചെയ്യുന്നു. ദ്രാവിഡരുടെ തമ്മൊഴി ദുഷിച്ചുണ്ടായ പദമാണ് തമിഴ് എന്നും തെൻതമിഴാണ് ചെന്തമിഴായി പരിണമിച്ചതെന്നും അഭിപ്രായപ്പെടുന്നു. എടമരത്ത് വി. സിബാസ്റ്റ്യനു ഭാഷയോടും ഭാഷാശാസ്ത്രത്തോടുമുള്ള അഭിനിവേശവും ആഭിമുഖ്യവും ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നുണ്ട്. എന്നിട്ടും എന്തുകൊണ്ട് ഈ പണ്ഡിതൻ വിസ്മരിക്കപ്പെട്ടു? അതിനുത്തരം തരേണ്ടത് ഭാഷാശാസ്ത്രജ്ഞരാണ്.

*(പാലാ സെന്റ് തോമസ് കോളജ് മലയാളവിഭാഗത്തിൽ പ്രൊഫസറാണ് ലേഖകൻ.)*

Deepanalam Weekly

RNI No : 16998/68
Vol. 58 No. 13 Date of Publication 29 May 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment






CHAITHANYA TRUST HOSPITAL & M.M.COLLEGE OF MEDICAL SCIENCE
KOZHA, KURAVILANGAD
KOTTAYAM - 686633
Ph: 9645090576
9745300576, 9745400576
Web: www.mmcollege.in
Email:cthmmc@gmail.com



പാരാമെഡിക്കൽ വിഷയങ്ങളിൽ യുജിസി അംഗീകൃതയൂണിവേഴ്സിറ്റിയുടെ 3 വർഷ വൊക്കേഷണൽ ഡിഗ്രി, രണ്ടുവർഷ അഡ്വാൻസ്ഡ് ഡിപ്ലോമാ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

1. Bachelor of Voc. in Medical Laboratory Technology ( B.Voc. MLT )
   Eligibility : +2 pass (any group) Duration - 3 years
2. Bachelor of Voc. in Radiology and Medical Imaging Technology ( B.Voc RMIT )
   +2 pass (any group) 3 years
3. Bachelor of Voc. in Dialysis Technology ( B.Voc DT )
   +2 pass (any group) 3 years

● പഠനത്തോടൊപ്പം ആശുപത്രിയുടെ പാലിയേറ്റീവ് കെയർ വിഭാഗത്തിൽ നഴ്സിങ് അസിസ്റ്റന്റുമാർക്ക് പ്രത്യേക പരിശീലനം നൽകുന്നു. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ജോലിക്ക് ഗൈഡൻസ്.

■ നഴ്സിങ് അസിസ്റ്റന്റ് കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷിക്കാം ■ പഠനത്തോടൊപ്പം ഹോസ്പിറ്റൽ പരിശീലനവും ഹോസ്റ്റൽ സൗകര്യവുമുണ്ട് ■ അഡ്മിഷൻ എസ്.എസ്.എൽ.സി./+2 കഴിഞ്ഞ പെൺകുട്ടികൾക്കു മാത്രം ■ അവസാന സെമസ്റ്ററിൽ മൾട്ടി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ആശുപത്രികളിൽ പരിശീലനവും നൽകുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org